<u>വളരെ അത്യാവശ്യം</u>

"ഭരണഭാഷ – മാതൃഭാഷ"

(കേരളസംസ്ഥാനം)

വ്യാവസായിക പരിശീലനവകുപ്പ്

ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ,

പി എം ജി, വികാസ് ഭവൻ പി ഒ, തിരുവനന്തപുരം: 695033

ഇമെയിൽ: cru.dttvpm@kerala.gov.in, ഫോൺ: 0471 2303856

---

**DT/5021/2026-C3** **തീയതി: 11-09-2026**

---

## <u>ചുറ്ററിയിപ്പ്</u>

വിഷയം:-വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - അഡ്മിഷൻ & അഫിലിയേഷൻ വിഭാഗം - 2024, 2025 പരിശീലന വർഷങ്ങളിൽ തുടർച്ചയായി പൂജ്യം/വളരെ കുറഞ്ഞ പ്രവേശനം രേഖപ്പെടുത്തിയ ചില ഐ ടി ഐ കൾക്ക്, സ്ഥാപനത്തിന്റെ **അടച്ചുപൂട്ടൽ/ഡി-അഫിലിയേഷൻ** (De-affiliation) ഉൾപ്പെടെയുള്ള ഉചിതമായ നടപടി സ്വീകരിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുന്നതിനായി, DGT കാരണം കാണിക്കൽ നോട്ടീസ് (Show Cause Notice) നൽകിയിട്ടുള്ള വിവരം അറിയിക്കുന്നത് സംബന്ധിച്ച്

സൂചന:-File No. DGT-AffOmisc/8/2026-O/o DIR (TC) (File: 80062) നമ്പരായ 10.09.2026 തീയതിയിലെ DGT യിൽ നിന്നുള്ള അറിയിപ്പ്

**********

സൂചനയിൽ പരാമർശിച്ചിരിക്കുന്ന DGT യിൽ നിന്നുള്ള അറിയിപ്പ് കാണുക. ഇതനുസരിച്ച് NCVT-MIS/SIDH പോർട്ടലിൽ നിന്നും ലഭ്യമായ ചില ഐടിഐകളുടെ പ്രവേശന വിവരങ്ങളിൽ നിന്നും, 2024, 2025 പരിശീലന വർഷങ്ങളിലെ അഡ്മിഷനിൽ തുടർച്ചയായി പൂജ്യം/വളരെ കുറഞ്ഞ പ്രവേശനം രേഖപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്നും, കൂടാതെ സീറ്റിംഗ് ശേഷിയുടെ 10% ൽ താഴെ മാത്രം പ്രവേശനം രേഖപ്പെടുത്തിയ 427 ITI കൾ രാജ്യത്ത് ഉള്ളതായി കണ്ടെത്തിയിട്ടുണ്ട് എന്നും, ഇതിൽ 289 ITI കൾ ഇരു സെഷനുകളിലും പൂജ്യം പ്രവേശനം രേഖപ്പെടുത്തിയപ്പോൾ, ശേഷിക്കുന്ന 138 ITI കൾ ഇരു സെഷനുകളിലും അവരുടെ അംഗീകരിച്ച സീറ്റിംഗ് ശേഷിയുടെ 10% അല്ലെങ്കിൽ അതിൽ താഴെ മാത്രമാണ് പ്രവേശനം രേഖപ്പെടുത്തിയിട്ടുള്ളത് എന്നും DGT അറിയിച്ചിട്ടുണ്ട്.

അതിനാൽ, അനുബന്ധ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ITI-കൾക്ക്, 2024, 2025 സെഷനുകളിൽ തുടർച്ചയായി പൂജ്യം/വളരെ കുറഞ്ഞ പ്രവേശനം രേഖപ്പെടുത്തിയ സാഹചര്യത്തിൽ, സ്ഥാപനത്തിന്റെ അടച്ചുപൂട്ടൽ/ഡി-അഫിലിയേഷൻ (De-affiliation) ഉൾപ്പെടെയുള്ള ഉചിതമായ നടപടി സ്വീകരിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുന്നതിനായി ഇതുവഴി കാരണം

കാണിക്കൽ നോട്ടീസ് **DGT** നൽകിയിരിക്കുകയാണ്. ബന്ധപ്പെട്ട **ITI**-കൾ ഈ കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിച്ച തീയതി മുതൽ **21** ദിവസത്തിനകം, പ്രസക്തമായ അനുബന്ധ രേഖകൾ സഹിതമുള്ള വിശദമായ മറുപടി **tc-affiliation@dgt.gov.in** അല്ലെങ്കിൽ **tc-deaffiliation@dgt.gov.in** എന്ന ഇ-മെയിൽ മുഖേന സമർപ്പിക്കേണ്ടതാണ് എന്നും അറിയിച്ചിട്ടുണ്ട്.

**"Reply to Show Cause Notice — Persistent Low Enrolment during 2024 & 2025 Sessions — [Name of ITI] — [MIS Code]** എന്നീ വിവരങ്ങൾ ഇ-മെയിലിന്റെ **Subject line** ൽ വ്യക്തമായി രേഖപ്പെടുത്തി, **ഇംഗ്ലീഷ് ഭാഷയിലാണ്** കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടി തയ്യാറാക്കി നൽകേണ്ടത്. **DGT** നൽകിയിരിക്കുന്ന നിശ്ചിത സമയ പരിധി കഴിഞ്ഞു ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കില്ല എന്ന് **DGT** നിർദ്ദേശിച്ചിരിക്കുന്ന സാഹചര്യത്തിൽ, കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടി സമയബന്ധിതമായി സമർപ്പിക്കുന്നതിന് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ സ്ഥാപന മേധാവിമാരും ശ്രദ്ധിക്കേണ്ടതാണ്. സൂചന **DGT** അറിയിപ്പിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

എല്ലാ ജില്ലാ നോഡൽ/സബ് നോഡൽ ഐടിഐ പ്രിൻസിപ്പൽ മാരും താങ്കളുടെ ഐടിഐക്കു കീഴിൽ വരുന്നതും, **DGT** യുടെ കാരണം കാണിക്കൽ നോട്ടീസിലെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതുമായ എല്ലാ സ്വകാര്യ ഐടിഐകൾക്കും പ്രസ്തുത **DGT** നോട്ടീസ് നൽകേണ്ടതും, അതിനുള്ള രേഖകൾ ലഭ്യമാക്കി സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതുമാണ് എന്ന വിവരം കൂടി അറിയിക്കുന്നു. സമയബന്ധിതമായി കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടി നൽകാത്ത പക്ഷം, അതിന്മേലുണ്ടാകുന്ന എല്ലാ ഭവിഷ്യത്തുകൾക്കും അതാത് സ്ഥാപന മേധാവിക്ക് മാത്രമായിരിക്കും ഉത്തരവാദിത്വം എന്നതും ശ്രദ്ധയിൽപ്പെടുത്തുന്നു.

**അഡീഷണൽ ഡയറക്ടർ**

ഉള്ളടക്കം: സൂചന **DGT** അറിയിപ്പ്

സ്വീകർത്താവ്: പട്ടികയിൽ ഉൾപ്പെട്ട എല്ലാ സ്വകാര്യ ഐടിഐ മേധാവിമാരും

പകർപ്പ്

Digitally signed by
D MENEKSH PRASAD
Date: 11-09-2026
12:18:05

1. എല്ലാ സർക്കാർ/സ്വകാര്യ ഐടിഐ മേധാവിമാരും
2. മാനേജർ, ഇ-ഗവേർണൻസ് (വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
3. സ്റ്റോക്ക് ഫയൽ (സി1)